I ഇ.ബി. XV - കേരള നിയമസഭ/III-8

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: സർക്കാരിന് സാമ്പത്തിക ബാധ്യത വരുന്നതും, നെൽവയൽ-തണ്ണീർത്തട മേഖലകളിലൂടെയും ജനവാസകേന്ദ്രങ്ങളിലൂടെയും

കടന്നുപോകുന്നതുമായ നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുന്നതും, പരിസ്ഥിതി നാശം വരുത്തുന്നതുമാകയാൽ അതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ സർവ്വശ്രീ ശ്രീ. എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗതാഗതക്കുരുക്ക്, റോഡപകടങ്ങൾ, അന്തരീക്ഷ മലിനീകരണം എന്നിവ ജനങ്ങളിൽ സൃഷ്ടിക്കുന്ന ആശങ്ക ദൂരീകരിക്കുന്നതിനും റെയിൽവേ വികസനം മന്ദഗതിയിലായതിനാലുമാണ് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള യാത്ര നാല് മണിക്കൂറിൽ സാധ്യമാക്കുന്ന അർദ്ധ അതിവേഗ റെയിൽ പദ്ധതിക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) എന്ന സംയുക്ത സംരംഭം രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതിക്കായി 63941 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ സർവ്വേയ്ക്കായി ആധുനിക സാങ്കേതികവിദ്യയായ LIDAR

(Light Detection and Ranging) എന്ന റിമോട്ട് സെൻസിംഗ് സംവിധാനം പ്രയോജനപ്പെടുത്തുകയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും 6 ജില്ലകളിൽ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന് നിലവിലുള്ള നിയമപ്രകാരം അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതാണ്. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങൾ, കാവുകൾ, പാടങ്ങൾ എന്നിവ സംരക്ഷിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. റെയിൽവേ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകാൻ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനമായ JICA സാമ്പത്തിക സഹായം നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ തകർക്കുമെന്ന വാദം അടിസ്ഥാനരഹിതമാണ്. കാസർഗോഡ് മുതൽ തിരൂർ വരെയുള്ള റൂട്ടിന് സമാന്തരമായാണ് പുതിയ അലൈൻമെന്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള അലൈൻമെന്റിൽ നെൽവയൽ തണ്ണീർത്തട പ്രദേശങ്ങളെ പരമാവധി ഒഴിവാക്കി എലിവേറ്റഡ് പാതയാണ്

ലക്ഷ്യമിടുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ പാലങ്ങളും കൾവെർട്ടുകളും നിർമ്മിക്കുന്നതാണ്. പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് Systra എന്ന ഏജൻസി തയ്യാറാക്കുകയും സെന്റർ ഫോർ എൺവയോൺമെന്റ് ആന്റ് ഡെവലെപ്മെന്റ് മുഖേന പരിസ്ഥിതി ആഘാത പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമുള്ള ആശങ്ക ദൂരീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: ഭൂവിനിയോഗവും വിതരണവും സംബന്ധിച്ച പ്രതിസന്ധികളെ ശരിയായ രീതിയിൽ അഭിമുഖീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ വലിയ തോതിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാകും. സെമി ഹൈസ്പീഡ് സിൽവർലൈൻ പദ്ധതിക്കായി 1383 ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തുരങ്കപാതകൾ കേരളത്തിന്റെ പരിസ്ഥിതിക്ക് അനുകൂലമാണോയെന്ന് പരിശോധിക്കുകയും ബദൽ മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുകയും വേണം. ടി പദ്ധതി ബ്രോഡ്ഗേജിൽനിന്നും മീറ്റർഗേജിലേയ്ക്ക് മാറ്റുന്നതിലൂടെ സംസ്ഥാനത്തിന് അധികബാധ്യതയുണ്ടാകും. സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതി പരിശോധിക്കുകയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വായ്പ

തിരിച്ചടച്ചില്ലെങ്കിൽ ആ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനൊരു ബദൽ സംവിധാനം കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കുകയും ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിനായി പദ്ധതി സംബന്ധിച്ച് പുന:പരിശോധന നടത്തുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അർദ്ധ അതിവേഗ റെയിൽപ്പാതയുടെ നിർമ്മാണച്ചെലവും യാത്രാനിരക്കും അതിവേഗ റെയിൽപ്പാതയെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. ജനസാന്ദ്രത കൂടിയ കേരളത്തിൽ കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കേണ്ടി വരുമെന്നതിനാലും ഇരുപദ്ധതികളും തമ്മിൽ ചെറിയ തോതിലുള്ള സമയവ്യത്യാസം മാത്രമേയുള്ളൂവെന്നതിനാലുമാണ് ഈ പദ്ധതി തെരഞ്ഞെടുത്തത്. ഭൂമിയേറ്റെടുക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എ.ഡി.ബി., ജിക്ക, എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുള്ള ധനസമാഹരണത്തിനായി കേന്ദ്രധനകാര്യ മന്ത്രാലയത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഭൂമിയേറ്റെടുക്കലിനാവശ്യമായ 13362 കോടി രൂപയ്ക്കായി ഹഡ്കോ, കിഫ്ബി, ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊളിക്കേണ്ട കെട്ടിടങ്ങൾ പരമാവധി ഒഴിവാക്കുന്നതോടൊപ്പം കെട്ടിടം മാറ്റി സ്ഥാപിക്കുന്ന സാങ്കേതികവിദ്യയും ഭൂമിയേറ്റെടുക്കൽ കുറയ്ക്കുന്നതിന് കട്ട് & കവർ നിർമ്മാണരീതിയും അവലംബിക്കാനുദ്ദേശിക്കുന്നു. പദ്ധതിക്ക് റെയിൽവേയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പശ്ചിമഘട്ട മലനിരകളെയും പരിസ്ഥിതിലോല പ്രദേശങ്ങളെയും പൂർണ്ണമായും ഒഴിവാക്കുകയും CRZ സോണുകളെയും കണ്ടൽക്കാടുകളെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ യാത്രാസമയം ലഘൂകരിക്കുന്നതിനും വികസനോന്മുഖമായ മാറ്റം വരുത്തുന്നതിനും സാധിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

1. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ആനുകൂല്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കൂലി, ബോണസ്, ചികിത്സ, ലേബർ ലൈനുകളുടെ നവീകരണം, വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കുന്നതിന് നടപടി സ്വീരിക്കണം.

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ കൂലി, ചികിത്സ, ബോണസ്, ലേബർ ലൈനുകളുടെ നവീകരണം, വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാൻ തയ്യാറാക്കി ഒരു

മാസത്തിനുള്ളിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷം പി.എൽ.സി. സെറ്റിൽമെന്റ് പ്രകാരമുള്ള പ്രതിദിന വേതന വർദ്ധനവ് നടപ്പിലാക്കുന്നതാണ്. 2021-ൽ അനുവദിച്ച ബോണസിന്റെ 50 ശതമാനം വിതരണം ചെയ്തിട്ടുള്ളതും ഡിസംബർ മാസത്തിനുള്ളിൽ കുടിശ്ശികയുള്ള ബോണസും നവംബർ മുതൽ 5 മാസങ്ങളിലായി ചികിത്സാ ധനസഹായ കുടിശ്ശികയും വിതരണം ചെയ്യുന്നതുമാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ലേബർ ലൈനുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും വന്യമൃഗശല്യം തടയുന്നതിനും വിളനാശം, അപകടം എന്നിവ ഒഴിവാക്കുന്നതിനും വൈദ്യുത വേലികളുടെ അറ്റകുറ്റപ്പണികൾ, തൊഴിലാളികളെ നിയോഗിച്ചുള്ള കാവൽ എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതും 6 കി.മീ. വൈദ്യുത വേലി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമാണ്. എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ ഫണ്ടിലേയ്ക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ 53 കോടി രൂപ കീടനാശിനി ഉൽപ്പാദകരായ കമ്പനികളിൽനിന്ന് തിരിച്ചുപിടിക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയും ഫലപ്രദമായി കേസുകൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

## 2. പെട്രോളിയം ഉൽപ്പന്നങ്ങളുടെ അമിത വില

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി. പരിധിയിൽ കൊണ്ടുവന്ന് അമിത വില നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പെട്രോളിയം ഉല്പന്നങ്ങളുടെയും പാചകവാതകത്തിന്റെയും വില നിയന്ത്രിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിനല്ല. പെട്രോളിന്റെയും ഡീസലിന്റെയും വില നിർണ്ണയാവകാശം കമ്പോളത്തിനു വിട്ടുകൊടുത്തതാണ് വില വർദ്ധനവിന് പ്രധാന കാരണം. കമ്പോളത്തിൽ ക്രൂഡോയിൽ വില കുറയുന്ന അവസരങ്ങളിൽ കേന്ദ്രം ചുമത്തുന്ന അധിക തീരുവകളിൽ ആനുപാതികമായ വർദ്ധനവ് വരുത്തി വിലക്കുറവിന്റെ ഗുണം ജനങ്ങൾക്ക് കിട്ടാത്ത നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. പെട്രോൾ/ഡീസൽ വില കുറയണമെങ്കിൽ കേന്ദ്രം ചുമത്തുന്ന അധിക തീരുവകൾ ഒഴിവാക്കുകയാണ് വേണ്ടത്. നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന വിൽപ്പന നികുതി നിയമം അനുസരിച്ചാണ് നികുതി ഈടാക്കുന്നത്. ചരക്കു സേവന നികുതി നിയമത്തിന്റെ കീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം ചുമത്താവുന്ന

പരമാവധി നികുതി നിരക്ക് 28 ശതമാനമാണെങ്കിലും അതിന്റെ പകുതി 14 ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ദീർഘകാലമായി ലഭിക്കുന്ന വരുമാനത്തിൽ വലിയ നഷ്ടമുണ്ടാകുന്നതിന് ഇത് കാരണമാകും. ഗാർഹിക ഉപയോഗത്തിനുള്ള എൽ.പി.ജി.ക്ക് അഞ്ച് ശതമാനം നികുതിയാണ് ജി.എസ്.ടി.യിലുള്ളതെങ്കിലും കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിക്കുന്നതുകൊണ്ടാണ് ഗ്യാസ് വില കുത്തനെ ഉയരുന്നത്. ജി.എസ്.ടി. വന്നതിനുശേഷം സംസ്ഥാനത്തിന് ആകെ ലഭിക്കുന്ന ടാക്സിന്റെ 50 ശതമാനത്തോളം ജി.എസ്.ടി. യിൽനിന്നും ബാക്കി 50 ശതമാനം മദ്യം, പെട്രോളിയം എന്നിവയിൽനിന്നുമാണ് ലഭിക്കുന്നത്. ജി.എസ്.ടി.യിൽ ഇത് ഉൾപ്പെടുത്തുന്നതിനുപകരം സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും താല്പര്യം ഹനിക്കുന്ന വിധത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടിനെതിരെ ഒന്നിച്ച് പ്രതികരിക്കുകയാണ് വേണ്ടത്.

## III. സബ്മിഷൻ

### 1. <u>ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യൽ</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് സമയബന്ധിതമായി പൂർത്തിയാക്കാത്ത സാമൂഹ്യസുരക്ഷാ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ്

ചെയ്യുന്നതിനോ 'സേവന' പെൻഷൻ വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിനോ ഉള്ള സൗകര്യമൊരുക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്ത സാമൂഹ്യസുരക്ഷാ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡുകൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് മുടങ്ങിയ പെൻഷൻ വിതരണം ചെയ്യുന്നതാണ്.

## 2. തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി മണ്ഡലത്തിലെ തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് ഉൾപ്പെടെയുള്ള അഞ്ച് പാലങ്ങളുടെ ഡക്ക് സ്ലാബ് സംബന്ധിച്ച വിശദാംശങ്ങൾ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് പഠനം പൂർത്തിയാക്കി എത്രയുംവേഗം പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## 3. ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഇലക്ട്രിക് വാഹനങ്ങൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുകയും ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, കാർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ത്രീവീലേഴ്സ് എന്നിവയുടെ ഒറ്റത്തവണ നികുതി വിലയുടെ അഞ്ച് ശതമാനമായി നിജപ്പെടുത്തുകയും 01-04-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ ആദ്യത്തെ അഞ്ച് വർഷത്തെ നികുതി തുകയിൽ അഞ്ച് ശതമാനം ഇളവനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി അഞ്ചുവർഷത്തേയ്ക്ക് പൂർണ്ണമായി ഒഴിവാക്കിയതോടൊപ്പം മൂന്നുലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷാ ഉടമകൾക്ക് 30,000 രൂപ സബ്സിഡി നൽകുകയും ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും 6 ജില്ലകളിൽ ഓരോ ചാർജ്ജിംഗ്

സ്റ്റേഷനുകൾ വീതം സ്ഥാപിക്കുകയും 26 സ്ഥലങ്ങളിൽ പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇലക്ട്രിക് വാഹനങ്ങളെ ജനപ്രിയമാക്കുന്നതിന് 2021-22 ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തുകയും ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുപയോഗിച്ച് തൊഴിലിലേർപ്പെടുന്നവർക്ക് വാഹനങ്ങൾ ലഭ്യമാക്കുന്നതിന് 200 കോടി രൂപയുടെ വായ്പാ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

4. അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് നിയമനിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനും ശ്രീഗോകുലം പബ്ളിക് സ്കൂളിൽനിന്നും അദ്ധ്യാപകരെ അകാരണമായി പിരിച്ചുവിട്ടതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുകയും പുതുക്കിയ വേതനം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും പരാതികളിന്മേൽ നടപടി സ്വീകരിക്കുകയും

ചെയ്യുന്നുണ്ട്. അനദ്ധ്യാപകരുടെ മിനിമം വേതനവും സേവനവ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ വ്യവസ്ഥകൾ അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ മുൻകൂർ നോട്ടീസോ ആനുകൂല്യങ്ങളോ നൽകാതെ തൃശ്ശൂർ ജില്ലയിലെ ശ്രീഗോകുലം പബ്ലിക് സ്കൂളിൽ നിന്നും 45 അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ട്. അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണം പരിഹരിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനും നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലാണ്.

## 5. കുണ്ടുകടവ് പാലം

ശ്രീ. പി. നന്ദകുമാർ: അപകടാവസ്ഥയിലായ കുണ്ടുകടവ് പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുണ്ടുകടവ് പാലം അപകടാവസ്ഥയിലാണെന്നുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലം പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി

2020-21-ലെ ബഡ്ജറ്റിലുൾപ്പെടുത്തുകയും 2018-ലെ ഡി.എസ്.ആർ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകാൻ ധനകാര്യവകുപ്പ് നിർദ്ദേശിച്ചതിനെത്തുടർന്ന് പ്രസ്തുത പാലം നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള 29.30 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 6. തുരുത്തി പാലം

ശ്രീമതി കെ. കെ. രമ: തുരുത്തി പാലം നിർമ്മിക്കുന്നതിനും പാലം, റോഡ് പദ്ധതികളിൽനിന്നും വടകര മണ്ഡലത്തെ ഒഴിവാക്കുന്നതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വടകര മണ്ഡലത്തിലെ ഏറാമലയെയും നാദാപുരം മണ്ഡലത്തിലെ എടച്ചേരിയെയും കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനെയും ബന്ധിപ്പിക്കുന്ന 'Y' മോഡൽ പാലത്തിനുള്ള ഡിസൈന് അംഗീകാരം നൽകിയെങ്കിലും പാലം ഉൾനാടൻ ജലപാതയിൽ ഉൾപ്പെടുമെന്നതിനാലാണ് അതൊഴിവാക്കി എടച്ചേരി-കരിയാട് ഭാഗങ്ങളെ ബന്ധിപ്പിച്ചുള്ള പാലം നിർമ്മാണം ആരംഭിച്ചത്. ഏറാമലയെയും എടച്ചേരിയെയും ബന്ധിപ്പിക്കുന്ന പുതിയ പാലമെന്ന ആവശ്യം

പരിശോധിക്കാവുന്നതാണ്.

### 7. പ്ലാമുടി-ഊരംകുഴി റോഡ് നിർമ്മാണം

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലെ പ്ലാമുടി-ഊരംകുഴി റോഡിന്റെ അവശേഷിക്കുന്ന നിർമ്മാണം ത്വരിതഗതിയിലാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി ഫണ്ടിൽനിന്നും പ്രവൃത്തി നടത്തുന്ന നെല്ലിക്കുഴി മുതൽ ഊരംകുഴി വരെയുള്ള റോഡിന് മാനദണ്ഡമനുസരിച്ച വീതിയും വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കാനുള്ള സ്ഥലവുമില്ലാത്തതിനാൽ പ്രവൃത്തിയാരംഭിക്കാൻ കഴിഞ്ഞില്ല. 5 മീറ്റർ കാര്യേജ് വേ ഇല്ലാത്ത ഭാഗങ്ങൾ കിഫ്ബി പദ്ധതിയിൽനിന്നും ഒഴിവാക്കി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലേയ്ക്ക് മാറ്റിയിട്ടുണ്ട്. 7 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 8. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. അൻവർ സാദത്ത്: ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കി നൽകി സ്വകാര്യ ആശുപത്രികളിലും ചികിത്സ നടത്താനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ 41.71 ലക്ഷം കുടുംബങ്ങൾക്ക് വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ 193 സർക്കാർ ആശുപത്രികളിലും 574 സ്വകാര്യ ആശുപത്രികളിലും ലഭിച്ചുവരുന്നു. നിലവിലെ മാനദണ്ഡപ്രകാരം അർഹരായവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്കുകളിൽനിന്നും രേഖകളുടെ അടിസ്ഥാനത്തിൽ കാർഡ് ലഭ്യമാക്കുന്നുണ്ട്. അർഹതയുണ്ടായിട്ടും ആർ.എസ്.ബി.വൈ.-യിൽ ഉൾപ്പെടാത്തവരെയും ആർ.എസ്.ബി.വൈ. അംഗത്വം പുതുക്കാതെ നഷ്ടപ്പെട്ടവരെയും കാസ്പിന്റെ ഡാറ്റാബേസിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റുമായി ആശയവിനിമയം നടത്തി ഉചിതനടപടി സ്വീകരിക്കുന്നതാണ്.

## 9. ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

ശ്രീ. എ. രാജ: ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അനുവദിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്തിയാൽ ഇടുക്കി

ജില്ലയിലെ ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാവുന്നതാണ്. 2013-ൽ അനുവദിക്കപ്പെട്ട തസ്തികകൾക്ക് പുതുക്കിയ അനുമതിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 8 തസ്തികകളിലേയ്ക്ക് നിയമനം നടത്തി മേൽപ്പറഞ്ഞ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

## 10. കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും തസ്തികകൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ 29 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന പശ്ചാത്തലസൗകര്യ വികസനങ്ങൾക്കും ഉപകരണങ്ങൾക്കുമായി കിഫ്ബി ധനസഹായത്തോടുകൂടി 32.34 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകെലിനെ ചുമതലപ്പെടുത്തുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ആശുപത്രിയിൽ

ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും അധിക തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുമോയെന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

## V. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

15-ാം കേരളനിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് 2021 ഒക്ടോബർ 22 വരെയും ഡോ. കെ.ടി. ജലീലിന് 2021 ഒക്ടോബർ 8 മുതൽ 13 വരെയുമുള്ള സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ വായിക്കുകയും അനുവാദം നൽകുകയും ചെയ്തു.

## VI. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

## VII. ക്രമപ്രശ്നം

ബില്ലിന് അവതരണാനുമതി നൽകുന്നത് സംബന്ധിച്ച്

1) ശ്രീ. യു. എ. ലത്തീഫ്: സംസ്ഥാന സഹകരണ/ജില്ലാ ബാങ്കുകൾക്ക് ബാങ്കിംഗ് റെഗുലേഷൻ ആക്ട് അമെന്റ്മെന്റ് 2020 ബാധകമാക്കുകയും 23-12-2020-ൽ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തതനുസരിച്ച് ഷെയർ ഹോൾഡേഴ്സ് യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ ബാങ്കിനെ ലയിപ്പിക്കാൻ പാടുള്ളൂവെന്ന് അനുശാസിക്കുന്നുണ്ട്. കേരള ഹൈക്കോടതിയിൽ ഓർഡിനൻസിനെതിരായ സ്റ്റാറ്റസ്-കോ നിലനിൽക്കെ ബിൽ അവതരിപ്പിക്കുന്നത് ക്രമവിരുദ്ധമാണ്.

ഇന്ത്യൻ ഭരണഘടനയുടെ 213-ാം ആർട്ടിക്കിൾ പ്രകാരം ഗവർണറെ ബോദ്ധ്യപ്പെടുത്തുകയോ രാഷ്ട്രപതിയുടെ നിർദ്ദേശം ഉണ്ടാവുകയോ അടുത്ത നിയമസഭയിൽ അവതരിപ്പിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണം.

ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

2) ശ്രീ. എൻ. ഷംസുദ്ദീൻ: 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനാധാരമായ ഓർഡിനൻസിനെതിരെ ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതും ഡിവിഷൻ ബെഞ്ച് സ്റ്റാറ്റസ്കോ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ മറികടക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. സംസ്ഥാനത്ത് ജില്ലാ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ചപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് സ്വന്തം നിലയിൽ പ്രവർത്തിക്കുന്നതിനായി കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിക്കുകയും കോടതി നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തതിനെ അട്ടിമറിക്കുന്നതിനാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. സഹകരണ നിയമപ്രകാരം മൂന്നിൽ രണ്ട്

ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമേ രണ്ട് സഹകരണ സ്ഥാപനങ്ങളെ ലയിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളിന്മേൽ വിധി പുറപ്പെടുവിക്കുന്നതുവരെ ബിൽ അവതരിപ്പിക്കാൻ അനുവാദം നൽകരുത്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2020-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചതിനും പുനർവിളംബരം ചെയ്തതിനുമെതിരെ സമർപ്പിച്ചിരുന്ന റിട്ട് ഹർജികൾ തീർപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഭരണഘടനാപരമായ ആവശ്യം നിലനിന്നിരുന്നതിനാലാണ് ഇപ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ട്. ഭരണഘടന അനുച്ഛേദപ്രകാരം സഹകരണ സംഘം എന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനങ്ങൾക്ക് സമ്പൂർണ്ണ അധികാരമുണ്ട്. 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഒന്നാം ആക്ട് പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും പരസ്പരം സംയോജിച്ചപ്പോൾ അതിൽനിന്ന് വിട്ടുനിന്ന ഒരു ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

2020-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ ഈ ബില്ലിന്റെ അവതരണത്തെ നിയമപരമായി തടയുന്നതല്ല. 2020-ലെ ആറാം നമ്പർ ഓർഡിനൻസിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജികളിന്മേലുള്ള വിധിയിൽ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താനുള്ള സംസ്ഥാന നിയമസഭയുടെ അധികാരത്തെ ഒരുവിധത്തിലും തടഞ്ഞിട്ടില്ല. ബാങ്കിന്റെ പ്രധാനപ്പെട്ട കാര്യങ്ങളും ബിസിനസ്സുമെല്ലാം സംസ്ഥാന സഹകരണ ബാങ്ക് എന്ന നിലയിലാണ് വരുന്നത്. കേരള ബാങ്ക് എന്നുള്ളത് ബ്രാൻഡ് നെയിമായി അംഗീകരിച്ചിരിക്കുകയാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021-ലെ 117-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും തുടർനടപടികളിലേയ്ക്ക് കടക്കുന്നതിനും ഭരണഘടനാപരമോ നിയമപരമോ സഭാ ചട്ടപ്രകാരമോ ഏതെങ്കിലും തടസ്സമുള്ളതായി പ്രത്യക്ഷത്തിൽ കാണാത്ത സാഹചര്യത്തിലും

തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ക്ഷീര വികസന മേഖലയിലെ ചില പോരായ്മകൾ പരിഹരിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ത്രിതല ക്ഷീര സഹകരണ ഘടനയെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുത്തണം. ആനന്ദ് മാതൃക സഹകരണ സംഘങ്ങൾ (ആപ്കോസ്) നിലവിൽ വന്നപ്പോൾ അവയ്ക്ക്

കൂടുതൽ പരിഗണന ലഭിക്കാനും ക്ഷീര കർഷകർ ഭരണസമിതിയിലേയ്ക്ക് വരാനുമാണ് ബിൽ ലക്ഷ്യമിടുന്നത്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതാക്കുന്നതിനും റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള ബാങ്കിൽ ആധുനിക ബാങ്കിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പഠനവും പരിശോധന നടത്താനായി നിയോഗിച്ച ശ്രീറാം കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും ബന്ധിപ്പിച്ചുകൊണ്ട് കേരള ബാങ്ക് എന്ന ബ്രാൻഡ് നെയിം സ്വീകരിക്കുക എന്ന ആശയമാണ് ഉണ്ടായത്. ന്യൂ ജനറേഷൻ ബാങ്കുകളോട് മൽസരിക്കാൻ കഴിയണമെങ്കിൽ എല്ലാ ആധുനിക സംവിധാനങ്ങളും ഈ ബാങ്കുകളിൽ വരണം. മലപ്പുറം ജില്ലയിലെ ജനങ്ങൾക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് മലപ്പുറം ജില്ലാ ബാങ്കിനേയും കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയാക്കിയത്. കേരള ബാങ്കിൽ ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും മലപ്പുറം ജില്ലാ ബാങ്കിനും ലഭ്യമാകുന്നതോടൊപ്പം ഓൺലൈൻ മണി ട്രാൻസ്ഫർ സൗകര്യങ്ങൾക്ക് ന്യൂജെൻ ബാങ്കുകളെ ആശ്രയിക്കുന്നതുവഴിയുള്ള ധനനഷ്ടം ഒഴിവാക്കാനും സാധിക്കും. സഹകരണരംഗത്ത് സഹകാരികൾക്ക് സഹായവും സംരക്ഷണവും

സുരക്ഷിതത്വവും ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കെ. പി. എ. മജീദ്: Sir, I move that- This House resolves to disapprove The Kerala Co-operative Societies (Second Amendment) Bill, 2021 (Ordinance No.117 of 2021). കേരളത്തിലെ സഹകരണ ജനാധിപത്യത്തെ കശാപ്പുചെയ്യുന്നതാണ് ഈ ബിൽ. സംഘങ്ങളിലെ ആസ്തികളും ബാധ്യതകളും സംയോജിപ്പിക്കാനും കൈമാറ്റം ചെയ്യാനും ജനറൽ ബോഡി യോഗത്തിൽ മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷമുണ്ടാകണമെന്ന ആക്ടിലെ വ്യവസ്ഥ ഒഴിവാക്കി കേവല ഭൂരിപക്ഷമാക്കാൻ ഭേദഗതി ചെയ്തിരിക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സഹകാരികൾക്കുണ്ടായിരിക്കുന്ന ആശങ്കയകറ്റുന്നതിനും സഹകരണ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. യു. എ. ലത്തീഫ്): നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ കേന്ദ്രനിയമത്തിന് വിരുദ്ധമാണ്. റിസർവ് ബാങ്ക് നിയമങ്ങളും ബാങ്കിംഗ്

റെഗുലേഷൻസ് ആക്ട് അനുസരിച്ചുമാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് പ്രവർത്തിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത ബാങ്കിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് നബാർഡും ആർ.ബി.ഐ.-യുമാണ്. മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കുമായി ലയിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 01-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിയമനിർമ്മാണമാണ് നടത്തേണ്ടത്. 2016-ൽ സഹകരണ മേഖല ദ്വിതല സംവിധാനത്തിലേയ്ക്ക് മാറണമെന്ന തീരുമാനമെടുക്കുകയും ഇതുസംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിയാണ് കേരള ബാങ്ക് രൂപീകരണവുമായി മുന്നോട്ടുപോയത്. കേരള ബാങ്കിൽ ലയിക്കാത്തതുമൂലം മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ആനുകൂല്യങ്ങൾ നഷ്ടമാകുമെന്നുള്ളതുകൊണ്ടാണ് പ്രസ്തുത ബാങ്കിനെ കേരള ബാങ്കിൽ

ലയിപ്പിക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. നിക്ഷേപത്തിൽ വർദ്ധനവുണ്ടായതും കടമെടുത്ത തുക യഥാവിധി വിനിയോഗിച്ചതും പ്രവർത്തന ലാഭം വർദ്ധിച്ചതും കേരള ബാങ്കിന്റെ നേട്ടങ്ങളാണ്. ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുകയും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാരുടെ കേഡർ സംയോജന നടപടികൾ പൂർത്തീകരിച്ച് പുതിയ റിക്രൂട്ട്മെന്റ് റൂൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരമേഖലയിൽ കാലോചിതമായ മാറ്റങ്ങൾക്ക് കൂടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വർഷത്തിൽ 180 ദിവസ കാലയളവിൽ സംഘത്തിൽ 500 ലിറ്ററിൽ കുറയാതെ പാൽ നൽകിയിട്ടുള്ള ക്ഷീര കർഷകർക്കുമാത്രം അംഗത്വം നൽകാമെന്ന വ്യവസ്ഥ കർഷകരുടെ ഉൽപ്പാദന ബോണസ് നഷ്ടപ്പെടുത്തുന്നതിനും അവരെ സംഘത്തിൽനിന്ന് അകറ്റുന്നതിനും കാരണമാകും. ക്ഷീര കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതോടൊപ്പം ഉൽപ്പാദനച്ചെലവ്, പശു, എരുമ തുടങ്ങിയ മൃഗങ്ങളുടെ ചികിത്സാ ചെലവ് എന്നിവ കുറയ്ക്കുന്നതിനും കേരളാ

ഫീഡ്സ് മുഖേന കാലിത്തീറ്റ ഉൽപ്പാദനവും കാലിത്തീറ്റ സബ്സിഡിയും വർദ്ധിപ്പിക്കുന്നതിനും മികച്ച ഇനം പശുക്കളെ ലഭ്യമാക്കുന്നതിനും കന്നുകുട്ടി പരിപാലന പദ്ധതി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും നടപടിയുണ്ടാകണം. ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ വർഷം മുഴുവൻ സൗകര്യമൊരുക്കണം. കൃത്രിമ ബീജോൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലികളിൽ കുത്തിവയ്പ്പെടുക്കുന്ന സമയക്രമം ദീർഘിപ്പിക്കുന്നതിനും ക്ഷീരസംഘത്തിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും തയ്യാറാകണം. കേരള ബാങ്കിൽ കോമൺ സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കാനോ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനോ നടപടി സ്വീകരിച്ചിട്ടില്ല. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ച് വൻനഷ്ടത്തിലാക്കുകയാണുണ്ടായത്. ലയനത്തിനുമുമ്പ് ജില്ലാ ബാങ്കുകളിൽ നടന്ന ക്രമക്കേട് അന്വേഷിക്കണം. വർഷങ്ങളായി ക്ഷീര സഹകരണ മേഖലയിൽ പ്രവർത്തിച്ചവരെ ഒഴിവാക്കാനും മലപ്പുറം ബാങ്ക് പിടിച്ചെടുക്കാനുമുള്ള തീരുമാനത്തിൽനിന്നും പിൻമാറണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ബില്ലിന് സമഗ്രമായ നിയമഭേദഗതി വേണമെന്ന ആവശ്യത്തെ സ്വാഗതം

ചെയ്യുന്നതോടൊപ്പം അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുമുണ്ട്. മലപ്പുറം ബാങ്കുൾപ്പെടെ ആ ജില്ലയിലെ സഹകാരികളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനും സഹായകരമാകുന്ന വിധത്തിലാണ് കേരളാ ബാങ്ക് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കേരളാ ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ. അംഗീകാരം ലഭിച്ചിട്ടുണ്ട്. ബോർഡ് ഓഫ് മാനേജ്മെന്റ് നടത്തിയ ഓഡിറ്റിൽ തനതുവർഷം 61.99 കോടി രൂപയുടെ ലാഭമാണ് കണ്ടെത്തിയിട്ടുള്ളത്. കേരളാ ബാങ്കിനെ ആധുനികവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 150 ദിവസത്തിനുള്ളിൽ 500 ലിറ്റർ പാൽ അളക്കുന്ന ഒരാൾക്കുമാത്രമേ APCOS-ൽ മെമ്പർഷിപ്പ് ലഭിക്കുകയുള്ളുവെന്നതിനാൽ യഥാർത്ഥ ക്ഷീരകർഷകർ ഇതിൽ അംഗങ്ങളായി വരും. പാലിന്റെയും കാലിത്തീറ്റയുടെയും വില സംബന്ധിച്ചും വെറ്ററിനറി ഡിപ്പാർട്ടുമെന്റിന്റെ സേവനമുറപ്പാക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. കേരള സംസ്ഥാന സഹകരണ ബാങ്കിന് കേരള ബാങ്ക് എന്നത് ബ്രാൻഡ് നെയിമാണ്.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## VIII. ക്രമപ്രശ്നം

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. രമേശ് ചെന്നിത്തല: 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിന് ആധാരമായി 2019 ഡിസംബർ 21-ന്

ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്ന് എട്ട് പ്രാവശ്യം പ്രസ്തുത ഓർഡിനൻസ് പുനർവിളംബരം ചെയ്തതുമായ നടപടി സുപ്രീംകോടതി വിധികളുടെ അന്തഃസത്തയ്ക്ക് വിരുദ്ധവും ഭരണഘടനാ തത്വങ്ങളോടുള്ള അവഹേളനവുമാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ സഭാസമ്മേളനം ചേർന്ന് ഓർഡിനൻസുകൾ പാസ്സാക്കണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ 02-08-2021-ലെ റൂളിംഗ് പരിഗണിച്ചാണ് പ്രത്യേക സമ്മേളനം ചേർന്ന് ഓർഡിനൻസുകൾ നിയമമാക്കുന്നത്. അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ പാടുള്ളുവെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. ഓർഡിനൻസുകൾ പുനർവിളംബരം ചെയ്തുപോകുന്നത് ശരിയല്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം ശരിയാണെങ്കിലും അത് ബിൽ അവതരണത്തിന് തടസ്സമാകില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡിനൻസുകൾക്ക് പകരമായി നിയമം പാസ്സാക്കുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണമെന്ന ചെയറിന്റെ നിർദ്ദേശം പരിഗണിച്ചാണ് സഭയുടെ ഈ സമ്മേളനം ചേരുന്നതെന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): ദേവസ്വം ബോർഡുകളിലെ

നിയമനവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലും കോടതി നിർദ്ദേശങ്ങളെത്തുടർന്നുമാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആറംഗങ്ങളുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചെങ്കിലും നിയമനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ ബോർഡിന്റെ കാലാവധി അഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമാക്കുകയും അംഗങ്ങളുടെ എണ്ണം മൂന്നാക്കുകയും യോഗ്യത പുനർ നിർണ്ണയിക്കുകയും ചെയ്തു. പുതിയ റിക്രൂട്ട്മെന്റ് ബോർഡിന് സി-ഡാക്കിന്റെ സഹായത്തോടെ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് മികച്ച പ്രവർത്തനം നടത്താനും ചട്ടങ്ങൾ രൂപീകരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നാക്കവിഭാഗങ്ങൾക്കും ദേവസ്വം നിയമനങ്ങളിൽ സംവരണമേർപ്പെടുത്താനും 1088 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനും സാധിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ: I move that-This House resolves to disapprove The Kerala Devaswom Recruitment Board (Amendment)

Ordinance, 2021 (Ordinance No.119 of 2021). പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായങ്ങൾക്കുൾപ്പെടെ നിയമനം ലഭിക്കത്തക്കരീതിയിലുള്ള നിയമ നിർമ്മാണം നടത്തിയത് യു.ഡി.എഫ് സർക്കാരാണ്. ദേവസ്വം ബോർഡുകളിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് മുടക്കമില്ലാതെ ശമ്പളം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കാതെ നിക്ഷിപ്ത താത്പര്യത്തിനുവേണ്ടിയാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിൽ ശമ്പള പരിഷ്കരണം നടപ്പാക്കുകയും ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ഒഴിവാക്കുകയും വേണം. ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് കോളേജടക്കമുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിൽ ഏകീകൃത ദേവസ്വം ബോർഡ് കൊണ്ടുവരണമെന്ന ഹൈക്കോടതി ഉത്തരവ് പാലിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. മലബാർ ദേവസ്വം ബോർഡിന് ഏകീകൃത നിയമമില്ലാത്തതിനാൽ അവിടങ്ങളിലെ

ക്ഷേത്രജീവനക്കാരെ ബോർഡ് ജീവനക്കാരായി പരിഗണിച്ചിട്ടില്ലെന്ന് മാത്രമല്ല ക്ഷേത്രങ്ങളുടെ സ്ഥിതിയും പരിതാപകരമാണ്. ക്ഷേത്ര ജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. പ്രേംകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 01-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തിയതും ശബരിമല വികസനത്തിനും മലബാർ ദേവസ്വം ബോർഡിനും സാമ്പത്തികസഹായം നൽകിയതും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിച്ചതും അഭിനന്ദനാർഹമാണ്. ക്ഷേത്രനിയമനങ്ങളിൽ തുടർന്നുവരുന്ന തെറ്റായ പ്രവണതകൾ ഒഴിവാക്കി സംവരണതത്വം കൃത്യമായി പാലിച്ച് റിക്രൂട്ട്മെന്റ് ബോർഡ് മുഖേന ഒട്ടേറെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്ഷേത്രജീവനക്കാർക്ക് ശമ്പള കുടിശ്ശിക സമയബന്ധിതമായി നൽകാനും ശമ്പള പരിഷ്കരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാനും മലബാർ

ദേവസ്വം സമഗ്ര നിയമ പരിഷ്കരണ ബിൽ പാസ്സാക്കാനും സത്വര നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളും ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ക്ഷേത്രങ്ങളുടെ കൈവശമുള്ള പുരാവസ്തുക്കൾ വിൽക്കാനുള്ള തീരുമാനം പരിതാപകരമാണ്. പെൻഷനായവർക്കുള്ള ആനുകൂല്യവും നിലവിലുള്ള ജീവനക്കാർക്ക് ശമ്പളവും നൽകാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ നിയമനങ്ങൾ നടത്തുന്നതിൽ ജാഗ്രത പുലർത്തണം. ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണിക്കുപോലും ഫണ്ടില്ലാത്ത അവസ്ഥയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുമാനമുള്ള ക്ഷേത്രങ്ങളൊന്നുമില്ലാത്തതിനാൽ സർക്കാർ സഹായത്തോടെയാണ് ബോർഡ് പ്രവർത്തിക്കുന്നത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗങ്ങളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം. ശബരിമലയിൽ നിലവിലുള്ള വെർച്വൽ

ക്യൂ സമ്പ്രദായം പുന:പരിശോധിക്കണം. ദേവസ്വം ബോർഡുകൾക്ക് അടിയന്തര ധനസഹായം അനുവദിക്കുന്നതോടൊപ്പം ബോർഡുകളിലെ പണം കാര്യക്ഷമതയോടെ വിനിയോഗിക്കുകയും വേണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെയും ചെയർമാന്റെയും കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഓർഡിനൻസാണ് നിയമമാക്കുന്നത്. ബോർഡ് മെമ്പർമാർക്കും ചെയർമാനും എതിരായി യാതൊരുവിധ ആക്ഷേപങ്ങളുമില്ലാത്തതിനാൽ കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ശബരിമലയിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിക്കാനും ഇടത്താവളങ്ങളുടെ നിർമ്മാണം ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആചാര സ്ഥാനീയർക്കും കോലധാരികൾക്കുമുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ദേവസ്വം ബോർഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളത്തിനും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻകാരുടെ കുടിശ്ശിക കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ്, ശാന്തി തുടങ്ങിയ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മലബാർ

ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം എല്ലാ ദേവസ്വം ബോർഡുകളുടെയും സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമമുണ്ടാകും.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.27-ന് പിരിഞ്ഞു.

* * * * *